# റിട്ടയർമെന്റ് ലൈഫ്

കയറ്റം ബുദ്ധിമുട്ടാണ്. വല്ലാത്ത കിതപ്പ്. '1079 വർക്ക്ഷോപ്പ് 1 കി മി'-പച്ചത്തൊപ്പിവച്ച വെളുത്ത കിലോമീറ്റർ കുറ്റിയുടെ ഒരുഭാഗം അടർന്നുപോയിരിക്കുന്നു. ടൗണിൽ മൂന്നുംകൂടിയ കവലയിൽ പള്ളിയുടെ അടുത്തുകൂടി തുടങ്ങുന്ന വീതികുറഞ്ഞ റോഡ് തെക്കോട്ടുകയറി പൈൻമരങ്ങൾ നിറഞ്ഞുനിൽക്കുന്ന മലയിലൂടെ കറുത്ത പാമ്പിനേപ്പോലെ വളഞ്ഞുപുളഞ്ഞ് മുകളിലേക്ക്. വല്ലപ്പോഴുമൊരിക്കൽമാത്രം കടന്നുപോകുന്ന വണ്ടികൾ. പടിഞ്ഞാറു- ഭാഗം അഗാധഗർത്തമാണ്. ദൂരെ ഒന്നിനുപിറകെ ഒന്നായി മലനിരകൾ.

ഇടതുവശത്തേക്ക് മലചുറ്റിത്തിരിയുന്നഅടുത്ത വളവുകഴിഞ്ഞാൽ വർക്ക് ഷോപ്പ് കാണാം. ആകാശത്തെ ചുംബിക്കാൻ പോകുന്ന റോഡ് തലകുനിച്ച് തോൽവി സമ്മതിക്കുന്നത് അവിടെയാണ്. ഇറക്കം തുടങ്ങുന്നിടത്ത് നേരെ വർക്ക്ഷോപ്പ്. അമ്പലത്തിന്റെ മുകൾഭാഗമാണ് ആദ്യം കാണുക. വല-ത്തോട്ടുതിരിഞ്ഞ് ബസ്തികൾതേടി റോഡ് താഴേക്ക്.

പുറത്ത് തണുപ്പാണെങ്കിലും ഓവർക്കോട്ടിനകത്ത് വിയർപ്പൊഴുകി. പണ്ടത്തേപ്പോലെ കയറ്റം കയറാൻ വയ്യ. ഓക്സിജൻ കുറവുള്ള കാശ്മീരിലെ മഞ്ഞുമലകളിൽ ജോലി ചെയ്തതിന്റെ അനന്തര-ഫലം. 'വണ്ടി അയയ്ക്കേണ്ട' എന്നുപറയേണ്ടിയിരുന്നില്ല. അയാൾ പശ്ചാത്തപിച്ചു.

സമയം ഒൻപതുമണി ആയെങ്കിലും മൂടൽമഞ്ഞ് മാറിയിട്ടില്ല. കിഴക്കുവശത്ത് ഉയർന്നുനിൽക്കുന്ന മലയിലെ മഞ്ഞിനിടയിലൂടെ വരുന്ന സൂര്യരശ്മികൾ ബാലെ ട്രൂപ്പിലെ വർണ്ണവെളിച്ചം പോലെ തോന്നി. താഴെ ഹപ്പോളി ടൗൺ കാണാം. അവിടെ വെയിൽ പരന്നിട്ടുണ്ട്. വിളഞ്ഞുനിൽക്കുന്ന നെൽവയലുകളിൽ അത് സ്വർണ്ണംപോലെ തിളങ്ങി.

രാത്രിയിലെ മെയിൽ വണ്ടിയിൽ വന്നിട്ടുള്ള കത്തുകൾ സെക്ഷൻ തിരിച്ച് ഓഫീസറുടെ അടുത്തേയ്ക്ക് കൊടുത്തുവിടുക. വളരെ അത്യാവശ്യം ഉള്ളതാണെങ്കിൽമാത്രം മറുപടിയുണ്ടാക്കണം. ഏറിയാൽ ഒരുമണിക്കൂർ ജോലി. ഏതെങ്കിലും വണ്ടിയിൽ തിരിച്ചുപോകാം. നടന്നുപോകാനും ബുദ്ധിമുട്ടില്ല. നാലുകിലോമീറ്റർ ഇറക്കമാണ്. ഒറ്റ ഇറക്കം.

ഞായറാഴ്ച ആയതുകൊണ്ട് മെയിൽ കുറവായിരുന്നു. ഏതാനും കത്തുകളും ഒരു ടെലഗ്രാമും മാത്രം.

*'നമ്പർ 160837 Y പെയിന്റർ നാരായൺലാൽ തിവാരി എക്സ്പയേഡ് ഫെബ്രുവരി എയ്റ്റ്.'*

ടെലഗ്രാമിലെ തെളിയാത്ത അക്ഷരങ്ങളിലേക്ക് ഒന്നുകൂടി നോക്കി. തിവാരിയുടെ കരിഞ്ഞുണ-ങ്ങിയ മുഖം അതിൽ തെളഞ്ഞു. ഇവിടെയാണ്, ഈ മേശക്കരികിൽ വച്ചാണ് ഒരു മാസം മുൻപ് അയാളെ അവസാനമായി കണ്ടത്.

മനസ്സ് പിന്നിലേക്ക് പോവുകയാണ്. നാഗാലാന്റിന്റേയും മണിപ്പൂരിന്റേയും അതിർത്തിഗ്രാമ-മായ ജെസ്സാമിയിലേക്ക്. മലനിരകൾമാത്രം നിറഞ്ഞ ആ വനപ്രദേശം അന്ന് ഉൽഫാ തീവ്രവാദികളുടെ ഒളിത്താവളമായിരുന്നു. തിവാരിയെ ആദ്യമായി കാണുന്നത് അവിടെ വച്ചാണ്. ലോവർ ഡിവിഷൻ ക്ലാർ ക്കായി ഗ്രെഫിൽ ജോലിക്ക് കയറിയശേഷം തന്റെ ആദ്യത്തെ സ്ഥലംമാറ്റം ജെസ്സാമിയിലേക്കായിരുന്നു. ഒരു റോഡ് കൺസ്ട്രക്ഷൻ കമ്പനിയിൽ.

ആദ്യമായി ഓഫീസിലെത്തിയ ദിവസംതന്നെയാണ് തിവാരിയെ കാണുന്നത്. മേശയുടെ അടുത്ത് തിവാരി നിൽപ്പുണ്ട്.

'ബാബൂജി താങ്കൾ പുതിയ ആളാണ് അല്ലെ? ഞാൻ പയ്നിയർ തിവാരി. നാട്ടിൽ അച്ഛന് സീരിയസ്സാണ്. ഇന്നലെ സന്ധ്യക്കാണ് ടെലഗ്രാം കിട്ടിയത്. രാത്രിതന്നെ ഓഫീസറെ കണ്ടിരുന്നു. രാവിലത്തെ മെയിൽ വണ്ടിയിൽ പോണം.'

നല്ല കറുത്ത ശരീരമാണയാളുടേത്. മുതുകിന് മുന്നോട്ടൊരു വളവുണ്ട് എന്നുതോന്നും. സർവ്വീസ് ഡോക്യുമെന്റ് എടുത്തുനോക്കി. നാരായൺലാൽ തിവാരി. സൺ ഓഫ് കിഷൻലാൽ തിവാരി. അഞ്ചടി ഏഴിഞ്ച് ഉയരം. വിവാഹം കഴിഞ്ഞു. ഒരുവയസ്സുള്ള ഒരാൺകുട്ടിയുണ്ട്. ജെസ്സാമിയിൽ കുടുംബത്തോടൊപ്പം താമസം.

'ഇരുപത് ദിവസത്തെ ലീവ്, ഫാമിലി വാറന്റും വേണം.' അവൻ അപേക്ഷ നീട്ടി.

ടെലഫോൺ സൗകര്യമൊന്നും ഇല്ലാത്ത അക്കാലത്ത് പെട്ടന്ന് വിവരമറിയിക്കാൻ ഏകമാർഗ്ഗം ടെലഗ്രാം തന്നെയായിരുന്നു. മകനെത്തുമ്പോഴേയ്ക്കും അച്ഛൻ മരിച്ചിട്ടുണ്ടാവും. ഞാൻ ചിന്തിച്ചു.

ലീവ് സർട്ടിഫിക്കറ്റും വാറന്റുമേൽപ്പിച്ച് അറിയാവുന്ന ഹിന്ദിയിൽ ആശ്വസിപ്പിച്ച് തിവാരിയെ യാത്രയാക്കി.

ഇരുപത് ദിവസത്തെ അവധിക്കുപോയ തിവാരി മടങ്ങിയെത്തിയത് നൂറ്റിപ്പന്ത്രണ്ട് ദിവസം കഴിഞ്ഞാണ്. ഒരു പലഹാരപ്പൊതിയുമായി രാത്രി അവൻ ബാരക്കിൽ വന്നു.

'അന്ന് ശരിക്ക് പരിചയപ്പെടാനൊത്തില്ല. അവധിക്കുപോകാനുള്ള തിരക്കിലായിരുന്നല്ലോ . തിവാരി പറയാനാരംഭിച്ചു. 'വീട്ടിൽ ചെന്നതിന്റെ പിറ്റേന്ന് അച്ഛൻ മരിച്ചു. അത്ര പ്രായമൊന്നും ഉണ്ടായിരുന്നില്ല. അപകടമായിരുന്നു. വീടിന്റെ മുകളിൽനിന്ന് വീണതാണ്. ഞങ്ങൾ മൂന്നു മക്കളാണ്. അമ്മ നേരത്തെ മരിച്ചു. ഞാൻ ചെന്ന ദിവസം ഞങ്ങൾ മൂന്നുപേരേയും അടുത്തു വിളിച്ചിരുത്തി അച്ഛൻ ഒത്തിരി കരഞ്ഞു. നിനക്കൊരു ജോലിയുണ്ട്. ഇനി ഇവരുടെ കാര്യം നീ വേണം നോക്കാൻ. – അച്ഛൻ പറഞ്ഞു.

കാര്യങ്ങളെല്ലാം എന്നെ ഏൽപ്പിച്ച് അച്ഛൻ പോയി. അച്ഛന്റെ പെട്ടന്നുള്ള മരണം എന്നെ തളർത്തി. മരുഭൂമിയുടെ നടുക്ക് ഒറ്റപ്പെട്ട പ്രതീതി. അനുജന്റെ ഡിഗ്രി കംപ്ലീറ്റ് ചെയ്യിക്കണം. പെങ്ങളുടെ വിവാ ഹം. അവരെ തനിച്ചാക്കിയിട്ട് പോരാൻ മനസ്സു സമ്മതിച്ചില്ല. അതാണ് വൈകിയത്. ലീവ് എക്സ്റ്റെൻ ഷന് ടെലഗ്രാം അടിച്ചിരുന്നു.' അവന്റെ ശബ്ദം പതറി.

'ടെലഗ്രാം കിട്ടിയിരുന്നു. സിസ്റ്ററിന്റെ വിവാഹം കഴിഞ്ഞു അല്ലെ. വെഡ്ഡിംഗ് കാർഡും കണ്ടിരുന്നു.' നാലുമാസം കൊണ്ട് ഹിന്ദി അത്യാവശ്യം സംസാരിക്കാം എന്ന അവസ്ഥയിലായിരുന്നു ഞാൻ.

'ജീ ബാബൂജി. നാട്ടിലെ അപ്പോഴത്തെ അവസ്ഥ അനുസരിച്ച് പെങ്ങളെ ആരെയെങ്കിലും ഏൽപ്പിച്ചിട്ട് തിരികെ പോരുന്നതാണ് നല്ലതെന്നു തോന്നി. അതാണ് തിരക്കിട്ടൊരു കല്യാണം. കിട്ടാവുന്നിടത്തുനിന്നൊക്കെ കടം വാങ്ങി. അളിയൻ കുഴപ്പമില്ല. സർക്കാർ ജോലിയുണ്ട്. പെങ്ങടെ കാര്യം അവൻ നോക്കിക്കൊള്ളും എന്ന സമാധാനം.

പ്രൊവിഡന്റ് ഫണ്ടിലുള്ള പൈസ ഉടനെ എടുക്കണം. ആളില്ലാത്തതിനാൽ വൈഫിനെ നാട്ടിൽ നിർത്തിയിട്ടാണ് പോന്നത്. അവൾക്ക് തീരെ മനസ്സുണ്ടായിട്ടല്ല. അനുജന്റെ കാര്യങ്ങളും ശ്രദ്ധിക്കണമല്ലോ. അടുത്ത ലീവിന് അവന്റെ കല്യാണവും നടത്തിക്കൊടുത്ത് ഭാര്യയേയും കൂട്ടി വരണം.' അവന്റെ മുഖത്ത് സംതൃപ്തി.

അന്നത്തെ ഊർജ്ജസ്വലനായ തിവാരിയെ പിന്നീട് കാണുന്നത് ലഡാക്കിൽ വച്ചാണ്. ഏതാണ്ട് പന്ത്രണ്ടു വർഷത്തിനുശേഷം. താനന്നു യു ഡി സി ആണ്. തീവാരി പയ്നിയർ തന്നെ.

പച്ചപ്പില്ലാത്ത നഗ്നമായ പർവ്വതനിരകളും കൊച്ചുകൊച്ചരുവികളും അരുവികൾക്കരികിൽ മാത്രമായി വളർന്നുനിൽക്കുന്ന ചെറുമരങ്ങളും കുറ്റിച്ചെടികളുമുള്ള മനോഹരമായ തിക്സേ എന്ന സ്ഥലം. ലഡാക്കിൽ പ്രധാനമായും രണ്ട് ഋതുക്കൾ ആണുള്ളത്. അതിനെ തണുപ്പുകാലം തണുപ്പില്ലാ

ത്ത കാലം എന്നു വേണമെങ്കിൽ തരം തിരിക്കാം. മഴ അവിടെ പെയ്യാറില്ലെന്നുവേണം പറയാൻ. വേനൽക്കാലത്ത് മലയിലെ മഞ്ഞുരുകി അരുവികളിൽ വെള്ളമുണ്ടാകും, അതിൽ ചെറുമത്സ്യങ്ങളും. തണുപ്പു കാലമായാൽ മത്സ്യങ്ങളെല്ലാം ജലാശയങ്ങളുടെ അടിയിലായിരിക്കും. മുകളിൽ മഞ്ഞുപാളികൾ.

അവിടെ വർക്ക്ഷോപ്പിൽ ഞങ്ങൾ എട്ടു സൂപ്പർവൈസർമാരാണ് ഉണ്ടായിരുന്നത്. മെസ്സിന്റെ കാര്യങ്ങളൊക്കെ നോക്കിയിരുന്നത് തിവാരിയാണ്. മുറികളിൽ ബുക്കാരി കത്തിക്കുക, സാധനങ്ങൾ വാങ്ങിക്കൊണ്ടുവരിക, കുക്കിനേക്കൊണ്ടുംമെസ്സ് ബോയ്സിനേക്കൊണ്ടും ശരിയായി ജോലി ചെയ്യി-ക്കുക...

അയാളുടെ കറുപ്പുനിറം ഒന്നുകൂടി വർദ്ധിച്ചും, മുഖത്തെ പ്രസന്നത നഷ്ടപ്പെട്ടും ഇരുന്നു. നിർജ്ജീവമായ കണ്ണുകൾ. യാന്ത്രികമായ ചെയ്തികൾ.

നവംബർ മുതൽ മാർച്ച് വരെയുള്ള കാലം കൊടുംതണുപ്പിന്റേതാണ്. മഞ്ഞുവീണ് കാശ്മീരിലേക്കുള്ള റോഡ് ഗതാഗതം തടസ്സപ്പെട്ടിരിക്കും. കഴിഞ്ഞ നാലഞ്ചുമാസങ്ങളിൽ ശേഖരിച്ച ധാന്യങ്ങളും ഉണങ്ങിയ ഇലകളും പുല്ലുകളും കൊണ്ടുവേണം പിന്നീടുള്ള മാസങ്ങളിൽ ഗ്രാമീണർക്കും വളർ ത്തുമൃഗങ്ങൾക്കും ജീവൻ നിലനിർത്താൻ.

ഒരുദിവസം വെളുപ്പാൻകാലം കണ്ണുതുറന്നു നോക്കുമ്പോൾ മുറിയിൽ ബുക്കാരി കത്തിക്കൊണ്ടിരിക്കുന്നു! മെസ്സ് ബോയ്സ് വരാറായിട്ടില്ല. കൂടെ താമസിക്കുന്ന യു ഡി സി മഹാമുനി നാട്ടിൽ പോയിരിക്കുകയാണ്.

ബുക്കാരിയിലെ കുഴലിൽ നിന്ന് തിളക്കുന്ന വെള്ളം ബക്കറ്റിലേക്ക് പകർന്നു. പകരം നിറയ്ക്കാൻ വെള്ളമോ ഐസോ ഇല്ല. കുഴൽ ഇറക്കിവച്ച് എണ്ണയുടെ ഒഴുക്ക് ഓരോ തുള്ളിയായി കുറച്ചു. രാത്രിയിൽ വാതിലിന്റെ പിറകിൽ രൂപപ്പെട്ട ഐസിലൂടെ കക്കൂസിലേക്കുള്ള കതകിനെ ശക്തിയായി തള്ളി പകുതിയോളം തുറന്ന് തിളച്ച വെള്ളം ക്ലോസെറ്റിലേക്കൊഴിച്ചു. പതിനഞ്ച് മിനിട്ടുകഴിഞ്ഞ് ഒരു ബക്കറ്റ് തിളച്ച വെള്ളംകൂടി ഒഴിച്ചിട്ടുവേണം കക്കൂസിൽ പോകാൻ. പുറത്തേക്കുള്ള കതകുതുറന്നു. പുറത്തെ കനത്ത മഞ്ഞിൽ കൈയ്യിലൊരു കമ്പിപ്പാരയുമായി വെറുതെ നിൽക്കുന്ന തിവാരിയെ കണ്ട് അതിശയം തോന്നി. പുറം തിരിഞ്ഞ് നിന്ന് ഇടയ്ക്കിടെ മൂക്കുപിഴിയുന്നു. വെള്ളടാങ്കിൽനിന്ന് ഐസ് കുത്തിപ്പൊട്ടിച്ച് ബക്കറ്റിൽ നിറച്ചിട്ടുണ്ട്. കമ്പിവേലിക്കുപുറത്ത് ജവാന്മാർ മുട്ടുവരെയെത്തുന്ന ബൂട്ടിട്ട് കോട്ടും തൊപ്പിയും വച്ച് കുപ്പിയിൽ ചൂടുവെള്ളവുമായി പോകുന്നു, വെളിക്കിറങ്ങാൻ.

കടും നീലനിറത്തിലുള്ള ആകാശത്തിനുകീഴെ വെള്ളക്കമ്പിളി പുതച്ച പർവ്വതനിരകൾ. അവയുടെ മുകൾഭാഗം വെള്ളിത്തലപ്പാവുപോലെ തിളങ്ങി. നിലത്ത് അവിടിവിടെയായി ഐസ് പരവതാനികൾ. അതിൽ അങ്ങിങ്ങ് മഞ്ഞയും തവിട്ടും നിറം കലർന്ന കട്ടിയുള്ള പടർപ്പൻ പുല്ലുകൾ. അവയ്ക്കു ചുറ്റും മഞ്ഞ് ഉരുകിപ്പോയിരിക്കുന്നു!

മുഖത്തും കാൽപാദങ്ങളിലും തണുപ്പ് തുളച്ചു കയറി. അണ്ടർപാന്റും ചൂടുബനിയനും സ്വറ്ററും ചെരിപ്പും മാത്രമാണ് വേഷം. ഊഷ്മാവ് പൂജ്യത്തിനേക്കാൾ പത്തോ പതിനഞ്ചോ ഡിഗ്രി താഴെയായിരിക്കും.

'തിവാരി, എന്തു പറ്റി' ? അയാൾ തിരിഞ്ഞുനോക്കി.

തിവാരി കരയുകയായിരുന്നു.
പുറത്തെ കൊടുംതണുപ്പിൽ ആരും കാണാതെനിന്ന് കരയാൻ മാത്രം എന്തായിരിക്കണം.

ഒരു ജവാന്റെ പ്രശ്നങ്ങളേക്കുറിച്ച് സർവ്വീസ് ബുക്ക് നോക്കിയാൽ ഏകദേശ ധാരണ കിട്ടും. വേണ്ടപ്പെട്ടവരുടെ മരണം, സാമ്പത്തീക ബാദ്ധ്യത, മാരകമായ അസുഖം...പക്ഷെ, തിവാരിയുടെ ബുക്കിൽ പ്രത്യേകിച്ചൊന്നും കാണാൻ കഴിഞ്ഞില്ല. രണ്ടാൺമക്കൾ, ഇളയവന് എട്ട് വയസ്സ്.

'തിവാരിക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ.' ഓഫീസിൽ അടുത്ത സീറ്റിലിരുന്ന ജേക്കബ്ബിനോട് തിരക്കി.

'ഏതു തിവാരി.' ?

'പയ്നിയർ, മെസ്സിലെ.'

'എന്തേ ചോദിക്കാൻ. കഴിഞ്ഞ ദിവസം ഹെഡ്ക്ലാർക്ക് സാറിന്റെ അടുത്ത് വന്നിരുന്നു. സർവ്വീസ് ബുക്കിൽ അവകാശിയുടെ സ്ഥാനത്തുനിന്നും ഭാര്യയുടെ പേരു നീക്കി മൂത്ത മകന്റേതുമാത്രമാക്കണമത്രേ. തിവാരിക്ക് അച്ഛനും അമ്മയും ഇല്ല. മകൻ പ്രായപൂർത്തിയാകുന്നതുവരെ ഭാര്യയുടെ മേൽനോട്ടത്തിലായിരിക്കും കാര്യങ്ങൾ എന്നാണ് സാറ് പറഞ്ഞത്. ഭാര്യയുമായി പ്രശ്നമുണ്ടായിരിക്കാം.'

പുറത്ത്, തണുപ്പിൽനിന്ന് കണ്ണീർവാർക്കുന്ന തിവാരിയുടെ മുഖമായിരുന്നു ഓഫീസിലെ ജോലിത്തിരക്കുകൾക്കിടയിലും മനസ്സിൽ.

ഒന്ന് ചോദിച്ചുനോക്കിയാലോ, പ്രശ്നങ്ങൾ സംസാരിച്ചാൽ തീരുന്നതാണെങ്കിലോ. നേരത്തേ ഒരുമിച്ച് ജോലി ചെയ്തവർ എന്ന അനുകൂല സാഹചര്യം കൂടിയുണ്ടല്ലോ- എനിക്ക് ശുഭപ്രതീക്ഷ തോന്നി . വൈകിട്ട് തിവാരിയെ മുറിയിലേക്ക് വിളിപ്പിച്ചു.

'ഒരു കാലി ഗ്ലാസ്സും ഇത്തിരി വെള്ളവും കിട്ടിയാൽ നന്നായിരുന്നു.'

'ജീ സാബ്.'

'ഒരു മിനിട്ട്'- പോകാൻ തുടങ്ങിയ അവനെ തിരികെ വിളിച്ചു.

'ഇയ്യാള് ഇപ്പൊ കള്ളുകുടിയൊക്കെ ഉണ്ടോ ?'

....

'ഒരു കാര്യം ചെയ്യ്, രണ്ട് ഗ്ലാസ്സ് എടുത്തോ.'

തിവാരിക്ക് രണ്ട് പെഗ്ഗ് റം, വെള്ളം പേരിനുമാത്രം ഒഴിച്ച് നീട്ടിക്കൊണ്ട് പറഞ്ഞു. 'ഇരിക്ക്'

തിവാരി ഇരിയ്ക്കുകയോ നേരെ നോക്കുകയോ ചെയ്തില്ലെങ്കിലും ഗ്ലാസ്സ് കാലിയാക്കി. ഒന്നുകൂടെ നിറച്ച് അവനെ ഏൽപ്പിച്ചു. അവൻ രണ്ടാമതും ഗ്ലാസ്സുയർത്തി.

ഇതാ നിന്റെ സമയമായി. അവന്റെ ഒഴിഞ്ഞ ഗ്ലാസ്സ് തന്നോട് മന്ത്രിക്കുന്നതുപോലെ തോന്നി.

എന്താ തിവാരി വീട്ടിൽ പ്രശ്നം എന്നു ചോദിക്കാൻ തുടങ്ങിയതാണ്. പക്ഷെ, 'നിന്റെ സർവ്വീസ് ഡോക്യുമെന്റിൽ ഫാമിലി പ്ലാനിംഗിന്റെ എൻട്രിയൊന്നും കണ്ടില്ലല്ലോ.എൻട്രി ചെയ്യിക്കാൻ നോക്ക് ഒരു ഇൻക്രിമെന്റ് കിട്ടും.' എന്നാണ് പറഞ്ഞത്.

അവൻ ഒന്നും പറഞ്ഞില്ല. എന്നാൽ ഇത്തവണ മുഖത്തേക്ക് നോക്കി ഒന്ന് പുഞ്ചിരിച്ചെന്നു വരുത്തി.

'ഇനിയുള്ള കാലത്ത് കുട്ടികളെ വളർത്തി വലുതാക്കുക എന്നത് നിസ്സാര കാര്യമല്ല. രണ്ട് കുട്ടികൾ തന്നെ ധാരാളം. ഓപ്പറേഷൻ തീരെ നിസ്സാരമായ കാര്യമാണ്. പിന്നീടും ഭാര്യയോടൊത്ത് സന്തുഷ്ടജീവിതം ആകാമല്ലൊ.' ഒരു കള്ളച്ചിരിയോടെയാണത് പറഞ്ഞത്. പക്ഷെ തിവാരിയുടെ മുഖത്ത് അതേ നിസ്സംഗത തന്നെ.

'എന്തുപറ്റി, വീട്ടിലെന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ആരോടെങ്കിലും പറഞ്ഞാൽ കുറച്ച് ആശ്വാസം കിട്ടില്ലെ.' അവന്റെ ഗ്ലാസ്സ് വീണ്ടും നിറച്ചുകൊടുക്കുന്നതിനിടയിൽ ചോദിച്ചു.

'എനിക്ക് ആശ്വാസം കിട്ടുന്ന സമയമൊക്കെ എന്നേ തീർന്നിരിക്കുന്നു സർ. എന്റെ പ്ലാനിംഗ് എല്ലാം തകർന്നു. സാറിനറിയ്യോ, എന്റെ വീട്ടിലിപ്പോൾ നാലു മക്കളുണ്ട്. നാല് ആൺമക്കൾ. ഇനി ഒരു ഇൻക്രിമെന്റിന്റെ പൈസ കിട്ടിയിട്ട് എന്തു ചെയ്യാനാ.'

മദ്യം തലക്കുപിടിച്ചിരിക്കുന്നു.

ഒന്നുനിർത്തി ഒരു ഇരിപ്പിടം തേടിക്കൊണ്ട് അവൻ തുടർന്നു. 'അന്ന് ജെസ്സാമിയിൽനിന്ന് ഫാമിലിയെ നാട്ടിൽ കൊണ്ടുവിട്ടശേഷം പിന്നെ കൊണ്ടുവരാനൊത്തില്ല. പെങ്ങളുടെ വിവാഹത്തിന്റെ ബാദ്ധ്യതകൾ, വീട്ടുചിലവുകൾ.... പിന്നെ ആ സാലയുടെ പഠിത്തം.'

അനുജൻ ഡിഗ്രിക്ക് പഠിക്കുമ്പോഴായിരുന്നല്ലൊ അച്ഛന്റെ മരണം. പഠിത്തത്തേപ്പറ്റി പറഞ്ഞത് അനുജന്റെ കാര്യമായിരിക്കുമോ. അപ്പോൾ സാല എന്നു പറഞ്ഞതോ, പെങ്ങളെ വിവാഹം കഴിച്ചയാളെ ജീജാജി എന്നാണല്ലോ പറയേണ്ടത്. തിവാരി പറഞ്ഞത് മനസ്സിലായില്ലെങ്കിലും മിണ്ടാതിരുന്നു.

...ബാദ്ധ്യതകൾ കൂടിയപ്പോൾ നാട്ടിൽപ്പോക്ക് രണ്ടുവർഷത്തിലൊരിക്കലാക്കി. അച്ഛൻ ഏൽപ്പിച്ചുപോയ കാര്യങ്ങൾ ഭംഗിയായി നിറവേറ്റുന്നു എന്ന സംതൃപ്തിയിൽ വീട്ടുകാരെ കാണാൻ പറ്റാത്ത വിഷമം മറക്കാൻ ശ്രമിച്ചു. അനുജന്റെ പഠിപ്പുകഴിഞ്ഞ് ഒരു ജോലി, വിവാഹം, ഏറിയാൽ നാലു വർഷം അതുകഴിഞ്ഞ് എനിക്ക് എന്റെ കാര്യം. അവന്റെ അച്ഛന്റെ സ്ഥാനമാണല്ലോ എനിക്ക്. ഒരു കരയ്ക്കാവുന്നതുവരെ ശ്രദ്ധിക്കാതെ പറ്റില്ലല്ലോ. പക്ഷെ, കാര്യങ്ങൾ പ്രതീക്ഷിച്ചപോലല്ല സംഭവിച്ചത്. രണ്ടു വർഷത്തെ ഇടവേളയിൽ രണ്ടുമൂന്ന് അവധികൾ കടന്നുപോയി. ഇതിനിടയിൽ ഭാര്യ ഒന്നുകൂടി പ്രസവിച്ചു. അനുജന്റെ പഠിത്തം കഴിഞ്ഞ് ജോലിയായി. അവന് ഒരു കല്യാണം. അതിനുശേഷം ഭാര്യയും കുട്ടികളുമായി തിരിച്ചുവരിക, അതായിരുന്നു സ്വപ്നം. ഞാൻ അവധിക്കു പോകാൻ തയ്യാറെടുത്തു. യൂണിറ്റിൽ ക്വാർട്ടേർസും ശരിയാക്കി. വിവരത്തിന് വീട്ടിലേക്ക് കത്തെഴുതി.

'ലോണെടുത്ത പൈസ അടച്ചു തീർന്നില്ല. പിന്നെ കുട്ടൂന് ഒരു ചെയിൻ വാങ്ങണം. കുറച്ചു കഴിഞ്ഞിട്ട് അവധിക്കുവന്നാൽ പോരെ.' അതായിരുന്നു ഭാര്യയുടെ അഭിപ്രായം.

തിവാരി നിർത്തി. മൂക്കുപിഴിഞ്ഞ് പാന്റിൽ തുടച്ച് പോകാനായി എഴുന്നേറ്റു. അവൻ കരയുകയാണ്. കരയുമ്പോൾ കണ്ണുനീർ വരാതെ മൂക്കിൽക്കൂടി മാത്രം വെള്ളം വരിക!

'കുറച്ചുകഴിഞ്ഞ് ലീവിൽ ചെന്നാ മതീന്ന് പറഞ്ഞത് വേറെയെന്തെങ്കിലും കണക്കു കൂട്ടിയിട്ടായിരിക്കും. മക്കളുടെ സ്കൂൾ വെക്കേഷനോ മറ്റോ.'

ഒരു ചെറുതുകൂടി ഒഴിച്ചുകൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു. ഒരവസാന ശ്രമം. ബാക്കികൂടി പറയുന്നെങ്കിൽ പറയട്ടെ.

'വെക്കേഷൻ...പിന്നെ ചെന്നാൽ മതീന്ന് അവള് പറഞ്ഞെങ്കിലും ഞാൻ പോയീ സാറെ. ഫാമിലി വാറന്റ് നഷ്ടപ്പെടുത്തണ്ടല്ലോ എന്ന് കരുതി. ഒന്ന് നിർത്തി അയാൾ തുടർന്നു. രാത്രിയിൽ ഞാനും ഭാര്യയും ഒരു മുറിയിൽ. മക്കൾ അടുത്ത മുറിയിൽ. അനുജൻ വരാന്ത മറച്ചുണ്ടാക്കിയ ഒരു താൽക്കാലിക മുറിയിൽ. രണ്ടു വർഷമായി അടക്കിവച്ചിരുന്ന ശരീരത്തിന്റെ ആവശ്യങ്ങൾ. ഭാര്യയുടെ സാമീപ്യം. എന്റെ ശരീരം വലിഞ്ഞുമുറുകി. പക്ഷെ, നിരാശയായിരുന്നു ഫലം. എന്നും ഓരോരൊ തടസ്സങ്ങൾ. ഇടയ്ക്ക് പാതിയുറക്കം കഴിഞ്ഞ് നോക്കുമ്പോൾ അവൾ അടുത്തുണ്ടാകാറില്ല. ക്രമേണ നെഞ്ചു തകർക്കുന്ന ആ സത്യം എനിക്ക് അംഗീകരിക്കേണ്ടിവന്നു. നെഞ്ചു തുളയുന്ന വേദന. ഭിത്തിയിൽ പായൽ ഉരയ്ക്കുന്ന വയർ ബ്രഷ് കൊണ്ട് ഹൃദയത്തിൽ അമർത്തി വലിക്കുന്നപോലെ. എങ്ങനെയാണ് സാറിനോട് ഞാനതു പറയുക... എല്ലാവരും ഉണ്ടായിട്ടും ആരും ഇല്ലാത്തവനായി ഞാൻ. ഏ ഭഗവാൻ എന്തു പറഞ്ഞായിരുന്നു ഞാനവരെ ഉപദേശിക്കേണ്ടിയിരുന്നത്.' അയാളുടെ ദൃഷ്ടി സീലിംഗിലൂടെ എന്തിനോവേണ്ടി പരതി.

ഗ്ലാസ്സ് കാലിയാക്കി, മുരളുന്ന ബുക്കാരിയിലേക്ക് ദൃഷ്ടിയൂന്നി ചെറിയ ഇടവേളക്കുശേഷം അവൻ പറഞ്ഞു. 'സാല, ഞാനവന്റെ അച്ഛന്റെ സ്ഥാനത്തല്ലെ. എന്റെ ഭാര്യ അവന്റെ അമ്മയും.'

മൂക്കുപിഴിഞ്ഞ് തിവാരി എഴുന്നേറ്റുപോയി. അവന്റെ ജീവിതപ്രശ്നങ്ങൾ ഇറക്കിവയ്ക്കാനൊരു അത്താണി എന്നു തോന്നിയതുകൊണ്ടാവണം പിന്നീട് എന്നെ അവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കാലം എന്റെ ജീവിതത്തിലും മാറ്റങ്ങൾ വരച്ചു. വിവാഹം, കുട്ടികൾ, മകളുടെ വിവാഹം, പേരക്കുട്ടി.

പിന്നീട് അയാളെ കാണുന്നത് ഇവിടെ വച്ചാണ്. തിവാരി പെയിന്ററായി, താൻ സൂപ്രണ്ട് ക്ലാർക്കും. എല്ലാവരുടേയും സഹതാപം പിടിച്ചുപറ്റുന്ന ഒരു കഥാപാത്രമായി മാറിക്കഴിഞ്ഞിരുന്നു അപ്പോഴേക്കും അയാൾ. മുഖം കരുവാളിച്ച്, തൊലി ചുളുങ്ങി പരുപരുത്ത്, കവിളെല്ലു പൊങ്ങി, മുതുക് ഒന്നുകൂടി വളഞ്ഞ്- കറുത്തുമെലിഞ്ഞ ഒരു ചോദ്യചിഹ്നം. അധികസമയവും മദ്യപിച്ചിട്ടുണ്ടാവും.

'തിവാരി, നവംബറിൽ നിനക്ക് അറുപത് വയസ്സ് തികയും. പെൻഷൻ പേപ്പർ ഇനിഷ്യേറ്റ് ചെയ്യണം. രണ്ടു മാസത്തിനകം ബാങ്ക് അക്കൗണ്ട് നമ്പർ, ഫോട്ടോ... എല്ലാം തന്നാൽ പോകാറാകുമ്പോഴേക്കും പേയ്മെന്റ് ഓർഡർ കൈയ്യിൽ തന്നുവിടാം.'

'ജീ സാർ.'

അന്ന് വൈകിട്ട് അയാൾ ഹപ്പോളിയിലെ വീട്ടിൽ വന്നു.

'ഇന്നലെ മകന്റെ ഫോണുണ്ടായിരുന്നു. അവന് കാറുവാങ്ങാൻ നാലുലക്ഷം രൂപ വേണമെന്ന്. പ്രൊവിഡന്റ് ഫണ്ടിൽ അത്രയും പൈസ ഇല്ല. ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷനും കിട്ടുന്ന പൈസകൂടി കൊടു ത്താൽ... എനിക്കറിയില്ല എന്തുചെയ്യണമെന്ന്.' സംശയത്തോടെ ഒന്ന് നിർത്തിയിട്ട് അവൻ ചോദിച്ചു.

'പെൻഷൻ പറ്റിയാലും ഡിപ്പാർട്ടുമെന്റിന്റെ ബാരക്കിൽതന്നെ താമസിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ. അതല്ലെങ്കിൽ ഹപ്പോളിയിൽ ഒരു മുറിയെടുത്ത് താമസിച്ചാലോ. ഇവിടെ മൂന്നാലു കിലോമീറ്റർ അടുത്ത് എന്റെ ലാസ്റ്റ് യൂണിറ്റ് ഉള്ളപ്പോൾ ആരെങ്കിലും എന്നെ ശ്രദ്ധിക്കാതിരിക്ക്യോ... ഒരു മനുഷ്യൻ ജീവിതത്തിൽ ആത്മാർത്ഥമായി എന്താഗ്രഹിക്കുന്നുവോ അത് സംഭവിക്കും എന്നല്ലേ സാർ. എന്റെ ഭാവിയേക്കാൾ കുടുംബത്തിന്റേയും അനുജന്റേയും സന്തോഷവും സുഖവുമായിരിക്കാം ഞാൻ ആഗ്രഹിച്ചത് അല്ലെ.'

അല്പം ഇടവേളക്കുശേഷം തിവാരി തുടർന്നു. 'കുടുംബം, കുട്ടികൾ, സ്വസ്ഥമായ ഒരു റിട്ടയർമെന്റ് ജീവിതം ഇതൊന്നും ഞാൻ ആലോചിക്കുന്നില്ല. ബാക്കി ആയുസ്സിനേക്കുറിച്ചുമാത്രമാണ് എന്റെ ഇപ്പോഴത്തെ ചിന്ത'. അയാളുടെ മുഖത്ത് ഗൗരവഭാവം. 'ഇക്കാര്യം ആരോട് ആലോചിക്കും, സാറിനോട ല്ലാതെ. സാറിന്റെ മറുപടി കിട്ടിയിട്ടുവേണം ബാങ്ക് അക്കൗണ്ട് ഇവിടെ തുടങ്ങാൻ.'

'നാട്ടിൽ സ്വന്തം മകനില്ലെ. അവൻ നോക്കിക്കൊള്ളും.' അങ്ങനെ ഉപദേശിക്കാനാണ് എനിക്ക് തോന്നിയത്. എല്ലാം ദൈവനിശ്ചയം.

തന്റെ ഉപദേശം കൈക്കൊള്ളാതെ അയാൾ അക്കൗണ്ട് ഹപ്പോളിയിൽ തന്നെയാണ് തുടങ്ങി യത്.

'അടുത്തമാസം ആദ്യമാകുമ്പോഴേക്കും പെൻഷൻ വാങ്ങാൻ പാകത്തിന് വരാൻ പറ്റുമെന്ന് കരുതുന്നു. നാട്ടിലുള്ള കുറച്ച് സാധനങ്ങൾ കൂടി എടുത്തിട്ട് വരണം.' ഡിസംബർ ആദ്യവാരത്തിൽ തന്നെ അയാൾ നാട്ടിലേക്ക് തിരിച്ചു.

ഡിസംബർ - ജനുവരി മാസങ്ങളിൽ ഹപ്പോളിയിലും നല്ല തണുപ്പാണ്. ഊഷ്മാവ് പൂജ്യം ഡിഗ്രി വരെ താഴുന്നതുകൊണ്ടാവാം ഹപ്പോളിക്ക് സീറോ എന്നും പേരുണ്ട്. എപ്പോഴും മഞ്ഞും ചാറ്റൽമഴയും. വീട്ടിൽനിന്ന് പുറത്തേക്കിറങ്ങാൻ പോലും ബുദ്ധിമുട്ടുള്ള കാലാവസ്ഥ. വല്ലപ്പോഴുമൊരിക്കൽ തെളി യുന്ന അന്തരീക്ഷത്തിൽ നടക്കാൻ കിട്ടുന്ന അവസരം പാഴാക്കാറില്ല. അതാണ് ആകെയുള്ള വ്യായാമം.

ജീവിതപ്രാരാബ്ദങ്ങളിൽ തിവാരിയെ എല്ലാവരും മറന്നു. ഏതാണ്ട് ഒരുമാസം കഴിഞ്ഞു കാണും, ജനുവരി പകുതിയിലെ ഒരു ഞായറാഴ്ച. എന്നെ ആശ്ചര്യപ്പെടുത്തിക്കൊണ്ട് രണ്ടുപേർ വീട്ടിലേക്ക് കയറിവന്നു. മുറ്റത്തെ 'ആടു' മരത്തിന്റെ ചുവട്ടിൽ കസേരയിട്ട് ഇരിക്കുകയായിരുന്നു ഞാന പ്പോൾ.

'ഇത് എന്റെ അനുജൻ കിഷോരിലാൽ തിവാരി. പി ഡബ്ല്യു ഡി യിൽ ഓഫീസറാണ്.' തിവാരി അനുജനെ പരിചയപ്പെടുത്തി.

'നമസ്കാർ'-അയാൾ ഹസ്തദാനം ചെയ്തു.

ഏകദേശം അമ്പത്തിയഞ്ച് വയസ്സുള്ള ഒരു സുമുഖൻ.

ചേട്ടൻ ജീവിച്ചിരിക്കെ ഏട്ടത്തിയമ്മയെ സ്വന്തമാക്കുക, അതിനു ശേഷവും ചേട്ടനുമായി സഹ കരിച്ചെന്നവണ്ണം കഴിയുക. സ്വന്തം സുഖത്തിനും സന്തോഷത്തിനും വേണ്ടി മറ്റുള്ളവരെ കണ്ണീർ കുടി പ്പിക്കുന്നവൻ. എന്റെ മനസ്സിലുള്ള തിവാരിയുടെ അനുജനെന്ന രൂപവുമായി അയാളുടെ രൂപത്തെ ഒത്തുനോക്കുകയായിരുന്നു ഞാൻ.

ഞാനയാളെ നോക്കി മന്ദഹസിച്ചു. ചായക്ക് ക്ഷണിച്ചു. കുശലാന്വേഷണങ്ങൾ, മാന്യമായ പെരുമാറ്റം. ചേട്ടനെ സ്നേഹപൂർവ്വം കുറ്റപ്പെടുത്തിക്കൊണ്ട് അയാൾ പറഞ്ഞു.

'ഞങ്ങളൊക്കെ അവിടെയുള്ളപ്പോൾ ഭായിസാബ് തനിച്ച് ഇവിടെ. അതിന്റെ ആവശ്യമുണ്ടോ. അതുകൊണ്ട് പെൻഷൻ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് എല്ലാ സാധനങ്ങളോടും കൂടി കൊണ്ടു പോകണം. അതാണ് ഞാനുംകൂടി വന്നത്.'

'അക്കൗണ്ട് തുടങ്ങാൻ ഇൻട്രൊഡ്യൂസ് ചെയ്തത് ഞാനാണ്. തിവാരി പറഞ്ഞതുകൊണ്ടു മാത്രം. ട്രാൻസ്ഫർ ചെയ്യാൻ അങ്ങനെ ഫോർമാലിറ്റീസ് ഒന്നുമില്ലല്ലോ.' ഞാൻ ചിരിച്ചെന്നു വരുത്തി.

'ഏയ്, അതുകൊണ്ടല്ല. ട്രാൻസ്ഫർ ചെയ്യുന്നതിനുമുമ്പ് സാറിനെ ഒന്ന് കാണണമെന്ന് ഭായ് സാബ് പറഞ്ഞതുകൊണ്ടുമാത്രം വന്നു. വേറെയൊന്നും ഉണ്ടായിട്ടില്ല.' അയാൾ ചിരിച്ചു.

ചേട്ടൻ തിവാരി തറയിലേക്ക് നോക്കി ഇരിക്കുകയാണ്. അനിയനോട് താനെന്തെങ്കിലും പറയുമെന്ന് പ്രതീക്ഷിച്ചുകാണും.

രക്തബന്ധത്തിലും വലുതല്ലല്ലോ മറ്റൊന്നും. ഞാൻ നിസ്സംഗത പാലിച്ചു.

'ഞാൻ പതിനെട്ടാം വയസ്സിൽ സർവ്വീസിൽ കയറിയതാണ്. നാല്പത്തിരണ്ട് വർഷത്തോളം നിങ്ങളുടെ കൂടെ ഉണ്ടായിരുന്നു, മഞ്ഞിൽ, മഴയിൽ, തീവ്രവാദികളുടെ ഇടയിൽ. ഇനി തിരികെ നാട്ടിലേക്ക്, സ്വന്തം വീട്ടിലേക്ക്....ഒരു ജവാനെ സംബന്ധിച്ചിടത്തോളം അതിർത്തിയിലുള്ള ജോലിയും നാട്ടിലുള്ള കുടുംബവും ഒരുമിച്ചു കൊണ്ടുപോകുക എന്നുള്ളതാണ് ബുദ്ധിമുട്ടുള്ള ഒരു കാര്യം. ഉപഹാരത്തിന് നന്ദി... എല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥിക്കണം.' ചായസൽക്കാരത്തിനു മറുപടിയായി തിവാരി പറഞ്ഞ വാക്കുകൾ ഇപ്പാഴും ഓഫീസിൽ തങ്ങിനിൽക്കുന്നതായി എനിക്കു തോന്നി. ഒരു മാസം. കണ്ണുകൾ ഭിത്തിയിലെ കലണ്ടറിലേക്ക് നീണ്ടു.

രാവിലത്തെ ബസ്സിൽ കത്തുകൾ പോകണം. ലീവിനു പോകുന്നവർക്കും ടെമ്പററി ഡ്യൂട്ടി പോകുന്നവർക്കും വേണ്ട പേപ്പറുകൾ, റെയിൽവ്വേ വാറന്റ്. അങ്ങനെ നൂറുകൂട്ടം ജോലികൾ. അതിനിടയ്ക്കാണ് തിവാരിയെ അവസാനമായി കണ്ടത്.

അയാൾ അന്ന് സിവിൾ ഡ്രസ്സിലായിരുന്നു. ഇപ്പോഴുമോർക്കുന്നു, ഇളം നിറത്തിലുള്ള, ഇസ്തിരിയിടാത്ത പാന്റും ഷർട്ടുമാണ് തിവാരി ധരിച്ചിരുന്നത്. ഇളം ചുവപ്പുനിറത്തിലുള്ള തൊപ്പി അയാൾക്ക് തീരെ യോജിച്ചിരുന്നില്ല. ഈ മേശക്കരികിൽ നിന്നുകൊണ്ട് അയാൾ സല്യൂട്ട് ചെയ്തു. അറ്റൻഷനായി, കൈ പൊക്കി ഫുൾ യുണിഫോമിൽ ചെയ്യുന്നപോലെ. പതിനഞ്ചു സെക്കന്റെങ്കിലും അങ്ങനെ നിന്നിട്ടു ണ്ടാവും. ആ കണ്ണുകളിലേക്ക് നോക്കാൻ എന്തോ ധൈര്യം വന്നില്ല. സ്വന്തം സർവ്വീസിൽ ആദ്യം പേന യെടുത്തത് തിവാരിയുടെ കാര്യത്തിനാണ്. ഇപ്പോൾ അയാളുടെ സർവ്വീസ് ജീവിതത്തിന്റെ അവസാന വാക്യവും കുറിച്ചുകഴിഞ്ഞിരിക്കുന്നു. ഏതോ ഒരു ഉൾപ്രേരണയാൽ എഴുന്നേറ്റ് അയാളെ കെട്ടിപ്പിടിച്ചു.

'താങ്കൾക്ക് നല്ലൊരു വിശ്രമജീവിതം ആശംസിക്കുന്നു.'

ഒരുനിമിഷം അയാൾ എന്റെ കണ്ണുകളിലേക്ക് നോക്കി. ഒറ്റ നിമിഷം. പിന്നെ തിരിഞ്ഞുനടന്നു. വളഞ്ഞ മുതുകിന് മുകളിലുള്ള തലയും കഴുത്തും നേരെ പിടിക്കാൻ ആവുന്നത്ര ശ്രമിച്ച്, കൈ ഉയർത്തി വീശി, ഇടംവലം നോക്കാതെ...

****